**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **05-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭകർക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് കിൻഫ്ര ഒരുക്കിക്കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായങ്ങൾ ആരംഭിക്കുന്ന തുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യതി, റോഡ്,വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നു. കൂടാതെ ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനം എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ എവിടെയൊക്കെയാണ് വ്യവസായ പാർക്കുകൾ നിലവിലുള്ളത് എന്ന് അറിയിക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ ബേപ്പൂരിൽ കിൻഫ്രയുടെ ഒരു മറൈൻ പാർക്ക് പദ്ധതിയും രാമനാട്ടുകരയിൽ അഡ്വാൻസ് ടെക്നോളജി പാർക്ക് പദ്ധതിയും കെ.എസ്. ഐ.ഡി.സിയുടെ കീഴിൽ കിനാലൂരിൽ ഒരു വ്യവസായ പാർക്കും വ്യവസായ വകുപ്പിന് കീഴിൽ വെസ്റ്റ്ഹിൽ എന്ന സ്ഥലത്ത് ഒരു ഡെവലപ്പ്മെന്റ് പ്ലോട്ടും നിലവിലുണ്ട്. കെ.എസ്. ഐ.ഡി.സി കുറ്റിയാടിയിൽ ഒരു നാളികേര പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ട്. കൂടാതെ വ്യവസായ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറ എന്ന സ്ഥലത്തു പുതുതായി ഒരു ഡെവലപ്മെന്റ് പ്ലോട്ടിന്റെ പണി പൂർത്തികരിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | കോഴിക്കോട് ജില്ലയിൽ ഇനി ഏതൊക്കെ സ്ഥലങ്ങളിലാണ് വ്യവസായ സംരംഭകർക്ക് ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ ബേപ്പൂരിൽ കിൻഫ്രയുടെ ഒരു മറൈൻ പാർക്ക് പദ്ധതിയും രാമനാട്ടുകരയിൽ അഡ്വാൻസ് ടെക്നോളജി പാർക്ക് പദ്ധതിയും കെ.എസ്. ഐ.ഡി.സിയുടെ കീഴിൽ കിനാലൂരിൽ ഒരു വ്യവസായ പാർക്കും വ്യവസായ വകുപ്പിന് കീഴിൽ വെസ്റ്റ്ഹിൽ എന്ന സ്ഥലത്ത് ഒരു ഡെവലപ്പ്മെന്റ് പ്ലോട്ടും നിലവിലുണ്ട്. കെ.എസ്. ഐ.ഡി.സി കുറ്റിയാടിയിൽ ഒരു നാളികേര പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ട്. കൂടാതെ വ്യവസായ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറ |

| | | | |
|---|---|---|---|
| | | | എന്ന സ്ഥലത്തു പുതുതായി ഒരു ഡെവലപ്മെന്റ് പ്ലോട്ടിന്റെ പണി പൂർത്തികരിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ